(സി) മരണപരമായകാരൃങ്ങളിൽ തടസ്സംവരാത്ത വിധത്തിലാണ് സ്ഥലംമാറ്റം നടത്തുന്നത്. നിശ്ചിത മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഒരു സെക്ഷനിൽത്തന്നെ തുടരുന്നതിനുള്ള അനുവാദം ആർക്കും നൽകിയിട്ടില്ല. ഒരു വർഷത്തിനകം ഡെപ്യൂട്ടേഷൻ പൂർത്തിയായി വകുപ്പിലേക്ക് വിവർഷൻ ആകുന്നവർക്കും സർവ്വീസിൽനിന്നും റിട്ടയർചെയ്യുന്ന ജീവനക്കാർക്കും സ്ഥലംമാറ്റത്തിൽ ഇളവുകൾ അനുവദിക്കാറുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

സപ്ലൈകോ ജീവനക്കാരുടെ പ്രൊമോഷൻ

244 (7215) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സപ്ലൈകോയിൽ ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ്II, സീനിയർ അസിസ്റ്റന്റ്I എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുവാൻ തടസ്സമെന്തെന്ന് വ്യക്തമാക്കാമോ ;

(ബി) 2-9-2013-ൽ സപ്ലൈകോ ജീവനക്കാരുടെ സമരം ഒത്തുതീർപ്പാക്കാൻ എടുത്ത തീരുമാനങ്ങളിൽ സപ്ലൈകോയിലെ സീനിയർജീവനക്കാർക്കുവേണ്ടി എന്തെല്ലാംകാരൃങ്ങൾ നടപ്പിലാക്കിയെന്ന് വിശദമാക്കുമോ ;

(സി) 73 അസിസ്റ്റന്റ് സെയിൽസ്മാൻമാർക്ക് പ്രൊമോഷൻ നൽകുന്നതിനു വേണ്ടി സർക്കാരിന്റെ മുന്നിലുള്ള ഫയലിന്റെ സ്ഥിതി വ്യക്തമാക്കാമോ ;

(ഡി) നിലവിൽ അസിസ്റ്റന്റ് സെയിൽസ്മാൻ ചാർജ് വഹിക്കുന്ന എത്ര ഔട്ട്ലെറ്റുകൾ നിലവിലുണ്ട് ; ഒരു എ.എസ്.എം.-ന് എത്രകാലം ഔട്ട്ലെറ്റിന്റെ ഇൻചാർജായി ജോലി ചെയ്യാവുന്നതാണ് ; ഇവർക്ക് ചാർജ് അലവൻസ് നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) ജെ.എ. പോസ്റ്റുകൾക്ക് ആനുപാതികമായി എസ്.എ. II, എസ്.എ. I തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) സപ്ലൈകോയിൽ ജൂനിയർ അസിസ്റ്റന്റിന്റെ (Direct) 329 തസ്തികകളാണ് ഉള്ളത്. ആയതിൽ 100 എണ്ണം താൽക്കാലികമായി അനുവദിച്ചിട്ടുള്ളതാണ്. ഇതിന്റെ കാലാവധി 31-3-2014-ൽ അവസാനിച്ചു. ആയതിനാൽ നിലവിലുള്ള 20 ഒഴിവുകളിലേക്ക് പ്രൊമോഷൻ നടന്നിട്ടില്ല.

സീനിയർ അസിസ്റ്റന്റ്II-ന്റെ 19 തസ്തികകളാണ് ഉള്ളത്. ആയതിൽ ഒരു ഒഴിവുണ്ട്. പ്രമോഷൻ നടപടികൾ സപ്ലൈകോ മാനേജിംഗ് ഡയറക്ടറാണ് നടത്തുന്നത്. GO(Ms.) 30/10 dt. 4-9-2010 പ്രകാരം സ്റ്റേ നിലവിലുള്ളതിനാൽ

LIBRARY ARCHIVES Kerala Legislative Assembly

സീനിയർ അസിസ്റ്റന്റ്-I ന്റെ തസ്തികയിൽ പ്രമോഷൻ അനുവദിക്കുവാൻ നിർവ്വാഹമില്ലായെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) സപ്ലൈകോയുമായി ബന്ധപ്പെട്ട തൊഴിൽ പ്രശ്നങ്ങളും മറ്റ് സേവന വേതന വ്യവസ്ഥകളും ചർച്ചചെയ്ത് പരിഹാരം കാണുന്നതിനായി ഗവൺമെന്റ് ഉത്തരവ് സ.ഉ.(സാധാ) നം.1910/2013/തൊഴിൽ തീയതി 21-11-2013 പ്രകാരം വ്യവസായബന്ധസമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി 28-2-2014-ലും 8-7-2014-ലും യോഗം ചേരുകയുണ്ടായി. നിലവിലുള്ള റെറ്റൽപ്പേഴ്സ് സർവ്വീസ് റൂൾ 1978, കോർപ്പറേഷൻ സർവ്വീസ് റൂൾസ് 1974 എന്നിവ പരിഷ്കരിച്ച് കോമൺ സർവ്വീസ് റൂൾസ് തയ്യാറാക്കുന്നതിനും റിക്രൂട്ട്മെന്റ് പ്രമോഷൻ തയ്യാറാക്കുന്നതിനും എസ്. വിജയകുമാർ, അഡീഷണൽ സെക്രട്ടറി (റിട്ടയേർഡ്) -നെ ചുമതലപ്പെടുത്തുകയും ആയതിന്റെ കരട് രൂപം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് എല്ലാ സംഘടനകളിൽ നിന്നും ജീവനക്കാരിൽനിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ മനുഷ്യവിഭവശേഷി പഠിക്കുന്നതിന് കേരളാ സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ നിയോഗിച്ചിട്ടുമുണ്ട്.

(സി) സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) നിലവിൽ അസിസ്റ്റന്റ് സെയിൽസ്മാൻ ചാർജ് വഹിക്കുന്ന 140 ഔട്ട്ലെറ്റുകൾ ഉണ്ട്. ഒരു എംഎസ്.എം.-ന് ഔട്ട് ലെറ്റിന്റെ ഇൻചാർജായി ജോലി ചെയ്യാവുന്ന കാലം നിജപ്പെടുത്തിയിട്ടില്ല. ഇവർക്ക് ചാർജ് അലവൻസ് നൽകുന്നില്ല. സപ്ലൈകോയിൽ അസിസ്റ്റന്റ് സെയിൽസ്മാന് ചാർജ് അലവൻസ് നൽകുവാൻ നിലവിൽ ഉത്തരവുകൾ ഒന്നും ഇല്ല.

(ഇ) ഇതുസംബന്ധിച്ച ശുപാർശകളൊന്നും സർക്കാരിന്റെ മുൻപിൽ എത്തിയിട്ടില്ല.

മാവേലി ഹോട്ടലുകൾ

245 (7216) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി ഹോട്ടലുകൾ പുനരാരംഭിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly